


# പ്രളയാനന്തരം മൽസ്യകർഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**ക്രിസ്മസ് വിപണി ലക്ഷ്യമാക്കി വളർത്തിക്കൊണ്ടിരുന്ന കട്‌ല, രോഹു, മൃഗാൽ, വാള , തിലാപ്പിയ തുടങ്ങിയ മൽസ്യങ്ങളിൽ സിംഹഭാഗവും നഷ്ടപെട്ട സ്ഥിതിവിശേഷമാണ്.**

**ഡോ.വികാസ് പി എ**
**ഡോ.ഷിനോജ് സുബ്രമണ്യൻ**

പ്രളയം മത്സ്യകൃഷി മേഖലയെ കാര്യമായി ബാധിച്ചിട്ടുണ്ട്. മൽസ്യകൃഷിയിൽ ചെറുതും വലുതുമായ നൂതനകൃഷി രീതികൾ, പ്രചാരം നേടി, യുവാക്കളടക്കം ഈ മേഖലയിലേക്ക് താൽപ്പര്യം കാണിച്ചുകൊണ്ടിരുന്ന സമയത്താണ് പ്രളയം ആകസ്മികമായി എത്തിയത്. ക്രിസ്മസ് വിപണി ലക്ഷ്യമാക്കി വളർത്തിക്കൊണ്ടിരുന്ന കട്‌ല, രോഹു, മൃഗാൽ , വാള, തിലാപ്പിയ തുടങ്ങിയ മൽസ്യങ്ങളിൽ സിംഹഭാഗവും നഷ്ടപെട്ട സ്ഥിതിവിശേഷമാണ്.

കുളങ്ങളിൽ വളർത്തി വലുതാക്കി വിൽക്കാൻ തയ്യാറാക്കിയിരുന്ന അലങ്കാര മത്സ്യങ്ങളും നഷ്ടമായതിൽ പെടും. പ്രളയജലത്തിൽ വളർത്തുമൽസ്യങ്ങൾ പുഴകളിലേക്കും കായലുകളിലേക്കും എത്തിപ്പെട്ടിട്ടുണ്ട് .

നിയന്ത്രിത ചുറ്റുപാടുകളിൽ വളർത്തിയിരുന്ന അലിഗേറ്റർ ഗാർ, അരാപൈമ, അരൗണ , മുഷി, കോയി കാർപ്, ഗോൾഡ് ഫിഷ്, റെഡ് ബെല്ലിഡ് പാക്കു , സക്കർ ഫിഷ്, ഗിഫ്റ്റ് തിലാപ്പിയ എന്നിവ പൊതുജലാശയങ്ങളിൽ എത്തി ആവാസവ്യവസ്ഥയിൽ മാറ്റങ്ങൾ വരുത്തുവാനിടയുണ്ട്. നാടൻ മൽസ്യങ്ങളുടെ നിലനിൽപ്പിന് ഇവ ഭീഷണിയാകാൻ ഇടയുണ്ട്. കുളങ്ങളിൽ കരിമീൻ വിത്തുത്പാദനം പോലുള്ള സംരംഭങ്ങൾക്ക് ഏറ്റ തിരിച്ചടി വളരെ വലുതാണ്. ഇനി വരുന്ന വർഷം മൽസ്യക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവുണ്ടാകും എന്ന് മാത്രമല്ല ഈ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് കഠിനാദ്ധ്വാനവും ചെലവും വരുന്നതാണ്. കൂടുമൽസ്യകൃഷിക്ക് വ്യാപക പ്രചാരം ലഭിച്ച സമയത്തുതന്നെ പ്രളയം ഈ മേഖലയിൽ കനത്ത ആഘാതമാണ് ഏൽപ്പിച്ചിരിക്കുന്നത്. മഴവെള്ളപാച്ചിലിൽ പല കൂടുകളും ഒഴുകി പോയി, കുറെ കൂടുകൾക്ക് കാര്യമായ നാശനഷ്ടങ്ങളും സംഭവിച്ചിട്ടുണ്ട്.

**കൂടു മൽസ്യകൃഷി**

- കൂടുമൽസ്യകൃഷിയിൽ കൂടുകൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലങ്ങളിൽ ചെളി അടിഞ്ഞുകൂടി ജലാശയങ്ങളുടെ ആഴം കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ കൂടുകൾ നന്നാക്കിയശേഷം സ്ഥലംമാറ്റി ആഴമുള്ള സ്ഥലത്തുവേണം പുതിയതായി സ്ഥാപിക്കുവാൻ
- കൂടുകൾക്ക് പ്രത്യക്ഷത്തിൽ കേടുപാടുകൾ ഇല്ലെങ്കിലും അവയുടെ വലകൾ അഴിച്ചെടുത്ത് പരിശോധിക്കേണ്ടതാ